File No.TOUR-B2/140/2020-TOUR

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ഹൗസ് ബോട്ടുകൾ അറ്റകുറ്റപണികൾ നടത്തുന്നതിന് ഒറ്റത്തവണ ധനസഹായം - അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (ബി) വകുപ്പ്

സ.ഉ.(സാധാ) നം.187/2021/ടൂറിസം തീയതി,തിരുവനന്തപുരം, 12/07/2021

---

പരാമർശം:-
1. സ.ഉ(സാധാ) നം.279/2020/ടൂറിസം; തീയതി 26.08.2020
2. സ.ഉ(സാധാ) നം.388/2020/ടൂറിസം; തീയതി 28.12.2020
3. സ.ഉ(സാധാ) നം.47/20201/ടൂറിസം;തീയതി 04.02.2021
4. സ.ഉ(സാധാ) നം.154/2021/ടൂറിസം;തീയതി 01/06/2021
5. ടൂറിസം ഡയറക്ടറുടെ 12.06.2021 ലെ എം.4-8468/2020 നം. കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ്-19-ന്റെ അതിതീവ്രവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, പ്രതിസന്ധിയിലായിത്തീർന്ന ഹൗസ് ബോട്ട് മേഖലയെ സഹായിക്കുന്നതിനായി ഹൗസ് ബോട്ടുകൾക്ക് അറ്റകുറ്റപണികൾ നടത്തുന്നതിന് ഒറ്റതവണ ധനസഹായം അനുവദിച്ചും ആയതിന് മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചും പരാമർശം [ 1 ] പ്രകാരം ഉത്തരവായിരുന്നു. പരാമർ ശം ( 2 ) പ്രകാരം ഹൗസ് ബോട്ടുകൾ അറ്റകുറ്റപണികൾ നടത്തുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം ( 1 ) പ്രകാരം നിഷ്കർഷിച്ചിരുന്ന അവസാന തീയതി 30.11.2020 എന്നത് 31.03.2021 വരെ ദീർഘിപ്പിച്ചിരുന്നു. പരാമർ ശം (3) പ്രകാരം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീമിന്റെ യോഗ്യതാ മാനദണ്ഡപ്രകാരം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട തുറമുഖ വകുപ്പിൽ നിന്നുള്ള സർവ്വേ സർട്ടിഫിക്കറ്റിന്റെ സാധുത കാലാവധി 30.09.2020 ൽ നിന്നും 31.03.2021 വരെ നീട്ടി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർ ശം ( 4 ) പ്രകാരം ഹൗസ് ബോട്ടുകൾ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള ധനസഹായത്തിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30.06.2021 വരെ നീട്ടി നൽകിയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട തുറമുഖ വകുപ്പ് നൽകുന്ന സർവ്വേ സർട്ടിഫിക്കറ്റിന്റെ സാധുത കാലാവധി 30.06.2021 ദീർഘിപ്പിച്ചും ഉത്തരവായിരുന്നു.

എന്നാൽ കോവിഡിന്റെ രണ്ടാം തരംഗം മൂലം പല. ഹൗസ് ബോട്ട് സംരംഭകർക്കും നിശ്ചിത തീയതിക്ക് മുൻപ് ധനസഹായത്തിന് അപേക്ഷിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ധനസഹായത്തിനുള്ള അപേക്ഷയുടെ അവസാന തീയതി 31.12.2021 വരെ നീട്ടി നൽകുവാൻ പരാമർശം (5) പ്രകാരം ടൂറിസം ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്

**File No.TOUR-B2/140/2020-TOUR**

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൗസ് ബോട്ടുകൾ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള ധനസഹായത്തിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.12.2021 വരെ നീട്ടി നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പത്മ കുമാർ റ്റി വി

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1) ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം

2) തുറമുഖ വകുപ്പ്

3) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് |, ഓഡിറ്റ് || ) കേരളം, തിരുവനന്തപുരം

4) സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

5) വിവരപൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

6) കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ